"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സാമൂഹ്യനീതി വകുപ്പിൽ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി പി. ആർ. രാധിക ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 1503/2023 നമ്പർ കേസിന്മേലും, ശ്രീമതി. ദീപാലക്ഷ്മി, ശ്രീമതി. അൽ അസീഖ എന്നിവർ ഫയൽ ചെയ്ത OA No. 1509/2023 നമ്പർ കേസിന്മേലുമുള്ള 19.09.2023-ലെ സംയുക്ത ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി(എ) വകുപ്പ്**

സ.ഉ.(സാധാ) നം.38/2024/SJD തീയതി,തിരുവനന്തപുരം, 13-02-2024

---

പരാമർശം:-

1. 10.08.2010-ലെ സ. ഉ. (പി). നമ്പർ. 54/2010/സാ.ക്ഷേ.വ സർക്കാർ ഉത്തരവ്. (എസ്.ആർ. ഒ നമ്പർ. 814/2010)
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 10.6.2014 തീയതിയിലെ ഇ.8/39687/12/എസ്.ജെ.ഡി നമ്പർ നടപടി ഉത്തരവ്.
3. 30.06.2017-ലെ സ. ഉ. (കൈ). നമ്പർ 24/2017/സാ.നീ.വ സർക്കാർ ഉത്തരവ്
4. 21.10.2019-ലെ സ. ഉ. (പി) നമ്പർ. 10/2019/സാ.നീ.വ സർക്കാർ ഉത്തരവ്
5. 15.02.2021-ലെ സ. ഉ. (കൈ) നമ്പർ. 6/2021/സാ.നീ.വ സർക്കാർ ഉത്തരവ്
6. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 8.8.2022 -ലെ SJD/3263/2022/E1 നമ്പർ കത്ത്
7. OA No. 1503 &1509/2023 കേസിലെ ബഹു. അഡ്മിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ 19.9.2023-ലെ ഉത്തരവ്
8. 2.12.2023 -ലെ സർക്കാർ കത്ത് നം A1/104/2023/SJD

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഫോർ ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് എന്ന സ്ഥാപനത്തിൽ ഇൻസ്ട്രക്ടർ ബുക്ക് ബൈന്റിംഗ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി പി. ആർ. രാധിക പരാമർശം 1-ലെ വ്യവസ്ഥകളിൻ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കും ആയതിൻറെ അടിസ്ഥാനത്തിലുള്ള തുടർ സ്ഥാനകയറ്റങ്ങളും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിക്ക് 15.06.2023-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് അനുബന്ധം A6 ആയി സമർപ്പിച്ച് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 1503/2023 നമ്പർ കേസിന്മേലും, പ്രസ്തുത വകുപ്പിന് കീഴിൽ ഇൻസ്ട്രക്ടർ ബുക്ക് ബൈന്റിംഗ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ദീപാലക്ഷ്മി, ഇൻസ്ട്രക്ടർ ടെയ്ലറിംഗ്&എംബ്രോയ്ഡറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അൽ അസീഖ എന്നിവർ മേൽപറഞ്ഞ ആവശ്യം തന്നെ ഉന്നയിച്ച് കൊണ്ട് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 1509/2023 നമ്പർ കേസിന്മേലും ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ പരാതിക്കാരെ അവർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ നേരിട്ട് കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പ്രസ്തുത കേസ്സുകളിലെ 1-ാമത്തെ എതിർകക്ഷിയായ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി കൊണ്ട് പരാമർശം 7 പ്രകാരം ബഹു ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സാമൂഹ്യനീതി വകുപ്പിലെ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾ പ്രകാരം സീനിയർ ഇൻസ്ട്രക്ടർ ആയും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III ആയും പ്രൊമോഷൻ ലഭിക്കുവാൻ കഴിയുമായിരുന്നു. സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള ഏക സീനിയർ ഇൻസ്ട്രക്ടർ തസ്തിക 2014 മുതൽ ഒഴിഞ്ഞുകിടക്കുകയാണെന്നും ഇൻസ്ട്രക്ടർമാരിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല എന്നും പരാമർശം 5 എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള രീതി നിശ്ചയിച്ചതിൽ ഇൻസ്ട്രക്ടർ തസ്തിക ഫീഡർ കാറ്റഗറിയായി ഉൾപ്പെടുത്തിയിട്ടില്ല എന്നും ഇത് മൂലം ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യമാണ് എന്നും ഇത് മൂലം സീനിയോറിറ്റി ലിസ്ററിൽ തങ്ങളേക്കാൾ പുറകിലായ മേട്രൺ തസ്തികയിലെ ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചുവെന്നും ആയതിനാൽ മേൽപ്പറഞ്ഞ എക്സിക്യൂട്ടീവ് ഉത്തരവിലെ അപാകത പരിഹരിക്കണം എന്നും ആയിരുന്നു പരാതിക്കാരുടെ ആവശ്യം

3. ബഹു. ട്രൈബ്യൂണലിന്റെ മേൽപറഞ്ഞ ഉത്തരവിൻറെ അടിസ്ഥാനത്തിൽ പരാതിക്കാരെ മൂന്ന് പേരെയും 30.12.2023-ൽ ഈ വകുപ്പിന്റെ അണ്ടർ സെക്രട്ടി നേരിൽ കേൾക്കുകയുണ്ടായി. പരാതിക്കാരും അഡ്വക്കേറ്റും സാമൂഹ്യനീതി വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും, ജൂനിയർ സൂപ്രണ്ടും ഹാജരായിരുന്നു. സീനിയർ ഇൻസ്ട്രക്ടർ ആയിരുന്ന ശ്രീമതി കെ.എസ്.മായയ്ക്ക് പരാമർശം 2-പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III ആയി സ്ഥാനക്കയറ്റം നൽകിയപ്പോൾ മുതൽ സീനിയർ ഇൻസ്ട്രക്ടർ തസ്തിക ഒഴിവായി കിടക്കുകയാണെന്നും, പ്രസ്തുത കാലയളവ് മുതൽ സീനിയോരിറ്റി പ്രകാരം പരാതിക്കാരിൽ സീനിയറായ ശ്രീമതി രാധികയ്ക്ക് ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്നും അതിൻറെ അടിസ്ഥാനത്തിൽ തുടർന്നുള്ള ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിലേയ്ക്കും സ്ഥാനക്കയറ്റം നൽകുകയും ടിയാന് സ്ഥാനക്കയറ്റം നൽകുന്നതിൻറെ അടിസ്ഥാനത്തിൽ ഇൻസ്ട്രക്ടർ തസ്തികയിലുള്ള മറ്റ് പരാതിക്കാരെയും പരിഗണിക്കണമെന്നും ടിയാളുകളെ നേരിൽ കേട്ടപ്പോൾ ആവശ്യപ്പെടുകയുണ്ടായി.

4. ഈ വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ താഴെ പറയും പ്രകാരമുള്ള റിപ്പോർട്ട് പരാമർശം 7 പ്രകാരം സമർപ്പിച്ചിരുന്നു.

"സാമൂഹ്യനീതി വകുപ്പ് വിഭജനത്തിന് മുൻപായി സാമൂഹ്യനീതി വകുപ്പിൽ നിലനിന്നിരുന്ന പരാമർശം-1 ഉത്തരവിൽ സ്പെഷ്യൽ റൂൾസ് പ്രകാരം ആകെയുള്ള 36

ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ ചൈൽഡ് വെൽഫയർ ഇൻസ്ട്രക്ടർ തസ്തികകളുടെ ഒന്നാം ഫീഡർ കാറ്റഗറിയ്ക്ക് 6-ഉം രണ്ടാം ഫീഡർ കാറ്റഗറിയ്ക്ക് 6-ഉം മൂന്നാം ഫീഡർ കാറ്റഗറിയ്ക്ക് 6-ഉം നാലാം ഫീഡർ കാറ്റഗറിയ്ക്ക് 12-ഉം തസ്തികകളാണ് ഉദ്യോഗക്കയറ്റ നിയമനത്തിനായി നീക്കി വച്ചിരുന്നത്. പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ ശമ്പള സ്കെയിൽ (20,000-45,800) എന്നതും ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ ചൈൽഡ് വെൽഫയർ ഇൻസ്ട്രക്ടർ തസ്തികയുടെ ശമ്പള സ്കെയിൽ (27,800-59,400) എന്നതും ആയിരുന്നു. ഒരേ ഫീഡർ തസ്തികകളിൽ നിന്നും രണ്ട് വ്യത്യസ്ത കാറ്റഗറികളിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിയ്ക്കാമെന്ന അനോമലി പ്രസ്തുത സ്പെഷ്യൽ റൂൾസ് പ്രകാരം നിലനിന്നിരുന്നു. ഇത്തരത്തിൽ രണ്ട് തസ്തികകളിലേയ്ക്കും ഉദ്യോഗക്കയറ്റം അനുവദിച്ചാൽ സീനിയോരിറ്റി സംബന്ധമായ പ്രശ്നങ്ങളും ശമ്പളത്തിലെ സീനിയർ-ജൂനിയർ ഫിക്സേഷൻ പ്രശ്നങ്ങളും ഉണ്ടാകുമെന്നുള്ളത് വസ്തുതാപരമായ യാഥാർത്ഥ്യമായിരുന്നു. ഈ അപാകത നിലനിന്നിരുന്നതിനാലും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഒരു തസ്തിക മാത്രമേ നിലവിലുള്ളുവെന്നതിനാലും ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് നൽകിയിരുന്നില്ല. ശമ്പളത്തിലെ വ്യതിയാനം കാരണവും സമയ ബന്ധിത ഹയർഗ്രേഡ് ആനുകൂല്യം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3 യുടെ ശമ്പള സ്കെയിലിൽ ലഭ്യമാകുമെന്നതിനാലും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് ആരും സ്ഥാനക്കയറ്റം നൽകണമെന്ന ആവശ്യം ഉന്നയിച്ചിരുന്നില്ല.

പരാമർശം 3-പ്രകാരമുള്ള സാമൂഹ്യനീതി വകുപ്പ് വിഭജനത്തിന്റെ ഭാഗമായി ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ ചൈൽഡ് വെൽഫയർ ഇൻസ്ട്രക്ടർ തസ്തികകളിൽ ആകെയുണ്ടായിരുന്ന 36 തസ്തികകളിൽ 33 തസ്തികകൾ വനിത ശിശു വികസന വകുപ്പിനും 3 തസ്തികകൾ സാമൂഹ്യനീതി വകുപ്പിനും വിഭജിച്ച് നൽകുകയും സീനിയർ ഇൻസ്ട്രക്ടർ തസ്തിക (1 എണ്ണം) സാമൂഹ്യനീതി വകുപ്പിൽ നിലനിറുത്തുകയും ചെയ്തു. വകുപ്പ് പുന:സംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതു വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3 എന്നീ തസ്തികകളിലെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥ താൽക്കാലികമായി നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം 5 ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ നിയമനത്തിനായി കാറ്റഗറി 7 സോഷ്യൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ്, കാറ്റഗറി 8- നഴ്സറി ടീച്ചർ, കാറ്റഗറി 9 -സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, കാറ്റഗറി 10- മേട്രൻ ഗ്രേഡ്-I ,കാറ്റഗറി -11 ഹൗസ് മാസ്റ്റർ എന്നീ വിഭാഗം ജീവനക്കാരുടെ നിയമന തീയതി അടിസ്ഥാനപ്പെടുത്തിയുള്ള സംയുക്ത സീനിയോരിറ്റി ലിസ്റ്റിൽ നിന്നും സീനിയോരിറ്റി അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിൽ നിലവിൽ വന്ന രണ്ട് ഒഴിവുകളിലേയ്ക്ക് ടി ഉത്തരവ് പാലിച്ച് വിവിധ ഫീഡർ തസ്തികകളിലെ ജീവനക്കാരിൽ നിന്നുമുള്ള സീനിയോരിറ്റി അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഉദ്യോഗക്കയറ്റം അനുവദിച്ച് നൽകിയിട്ടുണ്ട്.

വകുപ്പ് വിഭജനത്തെ തുടർന്ന് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികകളുടെ എണ്ണം 36-ൽ നിന്നും 3 ആയി ചുരുങ്ങിയതിനെ തുടർന്നും ഫീഡർ തസ്തികകളുടെ സ്ട്രെങ്ങ്ത് പരിഗണിച്ചും കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയ സ്പെഷ്യൽ ടീം നൽകിയ ശിപാർശ അംഗീകരിച്ചാണ് പ്രസ്തുത എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ യാതൊരു വിധ അപാകതയും സംഭവിച്ചിട്ടില്ല എന്നും സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള ഇൻസ്ട്രക്ടർ തസ്തികകളിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ എണ്ണം 3 ആണ് എന്നും ടി

ജീവനക്കാർക്ക് പുതുക്കിയ സ്പെഷ്യൽ റൂൾസ് ശിപാർശ പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കും തുടർന്ന് യഥാക്രമം വിടിസി സൂപ്പർവൈസർ, സൂപ്രണ്ട് ഗ്രേഡ്-I, ജില്ല സാമൂഹ്യനീതി ഓഫീസർ, തുടർന്ന് മുകളിലുള്ള എല്ലാ തസ്തികകളിലേയും ഉദ്യോഗക്കയറ്റം അനുവദനീയമാണ് എന്നും ഡയറക്ടർ അറിയിച്ചു. "

**5.** ഡയറക്ടറുടെ മേൽ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ പരാതിക്കാർക്ക് സീനിയർ ഇൻസ്ടക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്ന വിഷയം സർക്കാർ പരിശോധിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം 4 ഉത്തരവിലെ E(iv) അനുസരിച്ച് വകുപ്പിൽ തനത് വിഷയം കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കപ്പെട്ട തസ്തികകളിലെ ജീവനക്കാരുടെ നിയമനം/സ്ഥാനക്കയറ്റം തുടങ്ങിയ വിഷയങ്ങൾ സ്പെഷ്യൽ റൂൾ ഭേദഗതി നിലവിൽ വരുന്നതുവരെ നിലവിലെ വിശേഷാൽ ചട്ടങ്ങൾ/നിയമങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നതാണ് എന്ന് ഉത്തരവായിട്ടുള്ളതിനാലും പരാമർശം 5 എക്സിക്യൂട്ടീവ് ഉത്തരവിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കുള്ള നിയമനരീതി സംബന്ധിച്ച് വ്യവസ്ഥയില്ലാത്തതിനാലും, നിലവിൽ പുതിയ വിശേഷാൽ ചട്ടം പുറപ്പെടുവിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിലും ഇൻസ്ട്രക്ടർ തസ്തികകളിലുള്ള ജീവനക്കാർക്ക് 21/10/2019 -ലെ ഉത്തരവിലെ വ്യവസ്ഥ പ്രകാരം, നിലവിലെ വിശേഷാൽ ചട്ടങ്ങൾ/നിയമങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിക്കാവുന്നതാണ് എന്ന് പരാമർശം 7 പ്രകാരം അറിയിച്ചിരുന്നു.

5. പരാതിക്കാർക്ക് മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നലകണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിൻറെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ സീനിയർ ഇൻസ്ട്രക്ടർ ആയിരുന്ന ശ്രീമതി കെ. എസ്. മായയ്ക്ക് പരാമർശം 2-പ്രകാരം സൂപ്രണ്ട് ഗ്രേഡ്-3 ആയി സ്ഥാനക്കയറ്റം നൽകിയപ്പോൾ ഒഴിവു വന്ന സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള ഏക സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് പരാതിക്കാരിൽ സീനിയറായ ശ്രീമതി രാധികയ്ക്ക് മേൽപറഞ്ഞ ഒഴിവ് വന്ന തീയതി പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം നൽകി കൊണ്ട് OA No. 1503/2023, OA 1509/2023 എന്നീ നമ്പർ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.09.2023-ലെ ഉത്തരവ് നടപ്പാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇത്തരത്തിൽ പ്രമോഷൻ അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ തുടർന്നുള്ള പ്രമോഷനുകൾ സംബന്ധിച്ച വിഷയം പരിശോധിച്ച് വിശദമായ പ്രപ്പോസൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

7. മേൽപറഞ്ഞതിൻ പ്രകാരം OA No. 1503/2023, OA 1509/2023 കേസിന്മേലുമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 7 പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
2. ശ്രീമതി പി. ആർ. രാധിക, ഇൻസ്ട്രക്റ്റർ ബുക്ക് ബൈന്റിംഗ്, ഗവൺമെന്റ് വൊക്കേഷണൽ

ട്രേയിനിംഗ് സെന്റർ ഫോർ ഫിസിക്കലി ഹാൻഡികാപ്പ്ഡ്, കോഴിക്കോട്

3. ശ്രീമതി. ദീപാലക്ഷ്മി, ഇൻസ്ട്രക്ടർ ബുക്ക് ബൈന്റിംഗ് (ഹയർ ഗ്രേഡ്), ഗവൺമെന്റ് വൊക്കേഷണൽ ട്രേയിനിംഗ് സെന്റർ, തിരുവനന്തപുരം

4. ശ്രീമതി. അൽ അസീഖ, ഇൻസ്ട്രക്ടർ,ടെയ്ലറിംഗ്&എംബ്രോയ്ഡറി (ഹയർ ഗ്രേഡ്), ഗവൺമെന്റ് വൊക്കേഷണൽ ട്രേയിനിംഗ് സെന്റർ, തിരുവനന്തപുരം

5, അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

6, ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (31.01.2024-ലെ WW-WW2/10/2024/FD നമ്പർ കുറിപ്പ് പ്രകാരം)

7, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്.എ) വകുപ്പ് (അഡ്വൈസ്.എ.1/9 /2024/ഇ.ഭ.പ.വ നമ്പർ കുറിപ്പ് പ്രകാരം)

8, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ

9, ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

10, കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 13-02-2024 14:24:41

സെക്ഷൻ ഓഫീസർ